**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4277 — 24.10.2016 ൽ മറുപടിക്ക്

## കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|
| നിർമ്മാണം പൂർത്തിയായ കൊയിലാണ്ടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പുതിയ കെട്ടിടത്തിൽ ഇനി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തേണ്ടതെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ? | നിർമ്മാണം പൂർത്തിയായ കൊയിലാണ്ടി ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പുതിയ കെട്ടിടത്തിൽ ആവശ്യമുള്ള സജ്ജീകരണങ്ങളും അതിനായി കൈക്കൊണ്ട നടപടികളും താഴെച്ചേർക്കുന്നു. | |
| | സജ്ജീകരണങ്ങൾ | നടപടികൾ |
| | രോഗികളുടെ സൗകര്യാർത്ഥം ലിഫ്റ്റ് നിർമ്മാണം പൂർത്തീകരിക്കൽ | പൊതുമരാമത്ത് വൈദ്യുതി വിഭാഗം ദർഘാസ് പൂർത്തീകരിച്ച് പണി ആരംഭിക്കേണ്ടതുണ്ട്. |
| | വാർഡുകൾ, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ എന്നിവിടങ്ങളിലേയ്ക്ക് അത്യാവശ്യമുള്ള യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക | ഫണ്ട് ആവശ്യമാണ്. ഈ വിഷയത്തിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, ജനപ്രതിനിധികൾ, നഗരസഭ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ ധനശേഖരണം നടത്തുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ജില്ലാ മെഡിക്കൽ ഓഫീസറോട് പ്രപ്പോസൽ ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പിൽ നിന്നും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| | ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് | ഇതിനാവശ്യമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പിൽ തയ്യാർ ചെയ്യുന്ന സമാഹൃത പ്രപ്പോസലിൽ ഉൾക്കൊള്ളിക്കുന്നതാണ്. |

| | | |
|---|---|---|
| | ആംബുലൻസ് സൗകര്യം | ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശുപാർശ ലഭിച്ചിട്ടില്ല. |
| | ജനറേറ്റർ പവ്വർറൂം നിർമ്മാണം | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി മുഖേന ഫണ്ട് സമാഹരണം നടത്തുന്നതും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ